

# 'പെട്രോൾ' മണക്കുന്ന പ്രണയകാലം

"ജീവനുതുല്യം സ്നേഹിക്കുന്ന പെൺകുട്ടിയോട് അത് തുറന്നു പറയാൻ പോകുമ്പോൾ ഒരു റോസാപ്പൂവോ അവൾക്കിഷ്ടമുള്ള ചോക്ലേറ്റോ കുറച്ചുകൂടി കാല്പനിക കാമുകനായാൽ ഒരു പുസ്തകമോ മറ്റോ ആയിരുന്നു നമ്മളിൽ പലരും കൈയിലെടുത്തിരുന്നത്. എന്നാൽ കഴിഞ്ഞ ചില വർഷങ്ങളിൽ എന്താണ് നമുക്കിടയിൽ സംഭവിക്കുന്നത്. പ്രണയം പറയാൻ പോകുമ്പോൾ ഒരു കുപ്പി പെട്രോൾ കൈവശംവയ്ക്കുന്ന 'ആചാര'ത്തിലേക്കെത്തി നമ്മുടെ യുവ തലമുറ. അസഹിഷ്ണുതയുടെ അങ്ങേയറ്റം!. ഇഷ്ടമല്ല എന്ന ഒറ്റ മറുപടിയിൽ അവളുടെ ജീവിതം തന്നെ അവസാനിപ്പിക്കുന്നു അവർ.



ഡോ. പി.എൻ. സുരേഷ് കുമാർ
പ്രൊഫസർ ഓഫ് സൈക്യാട്രി
കെ.എം.സി.ടി മെഡിക്കൽ കോളേജ് കോഴിക്കോട്

ജീവനുതുല്യം സ്നേഹിക്കുന്ന പെൺകുട്ടിയോട് അത് തുറന്നു പറയാൻ പോകുമ്പോൾ ഒരു റോസാപ്പൂവോ അവൾക്കിഷ്ടമുള്ള ചോക്ലേറ്റോ കുറച്ചുകൂടി കാല്പനിക കാമുകനായാൽ ഒരു പുസ്തകക്കെട്ടോ ആയിരുന്നു നമ്മളിൽ പലരും കൈയിലെടുത്തിരുന്നത്. എന്നാൽ കഴിഞ്ഞ ചില വർഷങ്ങളിൽ എന്താണ് നമുക്കിടയിൽ സംഭവിക്കുന്നത്. പ്രണയം പറയാൻ പോകുമ്പോൾ ഒരു കുപ്പി പെട്രോൾ കൈവശംവയ്ക്കുന്ന 'ആഘോഷ'ത്തിലേക്കെത്തി നമ്മുടെ പുതുതലമുറ. അസഹിഷ്ണുതയുടെ അങ്ങേയറ്റം! ഇഷ്ടമല്ല എന്ന ഒറ്റ മറുപടിയിൽ അവളുടെ ജീവിതം തന്നെ അവസാനിപ്പിക്കുന്നു അവർ. അതങ്ങനെയൊരു ഭാഗം. ഇതിനോടൊപ്പം ചേർത്തു വായിക്കേണ്ടതാണ് കുഞ്ഞുങ്ങൾക്കെതിരായ അതിക്രമങ്ങളും.

രാവിലെ എഴുന്നേറ്റ് പത്രംനോക്കാൻ പോലും പറ്റാത്തവിധമായിരിക്കുന്നു. കുഞ്ഞുങ്ങൾക്കെതിരായ അതിക്രൂര മർദനങ്ങളിൽ നാമോരോരുത്തരും ലജ്ജിക്കേണ്ട കാലം.. അമ്മ/അച്ഛൻ എന്ന വാക്ക് ഏറ്റവും സുന്ദരമായിരുന്ന കാലം നമ്മുടെയൊക്കെ കുട്ടിക്കാലത്തിൽതന്നെ അവസാനിക്കുന്നു. പല കുട്ടികളും അതെന്താണെന്നുപോലും അറിയുന്നതിനുമുമ്പേ ഈ ലോകത്തോടുതന്നെ വിടപറയേണ്ട അവസ്ഥ. അവരനുഭവിച്ച കൊടിയ വേദനയിലും നാവറിയാതെ വിളിച്ചുപോയിട്ടുണ്ടാകുക അമ്മേ എന്നല്ലേ... എന്തുപറ്റി നമ്മുടെ അമ്മമാർക്ക്, അച്ഛന്മാർക്ക്? തല്ലിവളർത്തുക എന്ന പ്രയോഗം ഇവരിൽ തല്ലിക്കൊല്ലുക എന്ന അളവിലേക്കെത്തിയിരിക്കുന്നു.

വാലന്റൈൻസ് ഡേയൊക്കെ കൊട്ടിഘോഷിച്ച് ആചരിക്കാൻ തുടങ്ങിയതോടെയാണ് പ്രണയം അക്ഷരാർഥത്തിൽ കച്ചവടമായത്. അത്തരം ഒരു സാംസ്കാരമാറ്റത്തിന്റെ ബാക്കിപത്രമാണ് അക്രമസംഭവങ്ങളും എന്നുതന്നെ പറയാം. പത്രമാധ്യമങ്ങളിൽ ഈ വാർത്തകൾക്ക് വരുന്ന അമിത പ്രാധാന്യം ഒരുപക്ഷേ, അക്രമികളുടെ മനസിൽ നൽകുന്ന ഹീറോ പരിവേഷവും അവരുടെ ദുഷ്ടതയ്ക്ക് മൂർച്ചകൂട്ടുന്നു. ഇന്നിപ്പോൾ ഇത് സ്ഥിരം വാർത്തയായി. പ്രണയം നിഷേധിക്കുന്ന പെൺകുട്ടികളെ ആസിഡൊഴിക്കുക, പെട്രോളൊഴിച്ച് കത്തിക്കുക, വെട്ടിക്കൊല്ലുക.. എന്നിങ്ങനെ. കുഞ്ഞുങ്ങൾക്ക് മാതാപിതാക്കളിൽനിന്ന് മർദനമേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതും കേട്ടുകേട്ട് പഴകി. കേൾക്കാത്ത പ്രശ്നങ്ങൾ അപ്പോൾ അതിലേറെയുമുണ്ടാകാം. എന്താണിതിലെ മനശാസ്ത്രം?

2017 ഫെബ്രുവരിയിൽ ആണ് ഇത്തരമൊരു ക്രൂരകൃത്യത്തിന്റെ വാർത്ത നാമാദ്യം കേട്ടത്. കോട്ടയം ഗാന്ധിനഗറിൽ എസ്എംഇ കോളേജിലെ പാരാമെഡിക്കൽ വിദ്യാർഥിനിയെ യുവാവ് പെട്രോളൊഴിച്ച് കത്തിച്ചു. ഒപ്പം യുവാവും ആത്മഹത്യക്ക് ശ്രമിച്ചു. 65 ശതമാനം പൊള്ളലേറ്റ പെൺകുട്ടി പിന്നീട് ആശുപത്രിയിൽ മരിച്ചു. ലക്ഷ്മി എന്ന ആ പെൺകുട്ടിയാണ് നമ്മുടെയൊക്കെ മനസിലെ ആദ്യ വേദന. പത്തും പൊള്ളലേറ്റു. പ്രണയനിരാസമാണ് പ്രശ്നം. ആക്രമിക്കാൻ ശ്രമിച്ച ആദർശിൽ നിന്ന് രക്ഷപ്പെടാൻ ലക്ഷ്മി ഓടിയെങ്കിലും കാമ്പസിലെ ലൈബ്രറിക്കു സമീപം പെട്രോൾ ഇരുവർക്കും മേലെയൊഴിച്ച് തീകത്തിക്കുകയായിരുന്നു ആദർശ്.

പിന്നാലെ വീണ്ടും പലവാർത്തകൾ. വിദ്യാർഥിനിയെ പെട്രോളൊഴിച്ച് കത്തിച്ചു. കോളേജിൽ കയറി വെട്ടിപ്പരിക്കേൽപിച്ചു.. എന്നിങ്ങനെ.. ഒടുവിൽകേട്ടത് സിനിമാക്കഥ വെല്ലുന്ന തിരക്കഥയിൽ യുവാവ് നടത്തിയ കൃത്യം. പ്രണയാഭ്യർഥന നിരസിച്ചതിന് യുവതിയെ വെട്ടിപ്പരിക്കേൽപ്പിച്ച പ്രതി പെട്രോളൊഴിച്ച് കത്തിച്ചു. തൃശൂരിലെ ചിയ്യാരത്താണ് ഈ സംഭവം. കൊച്ചിയിലെ സ്വകാര്യ സ്ഥാപനത്തിൽ ഉദ്യോഗസ്ഥനായ നിധീഷ് എന്ന എം.ബി.എക്കാരനായ യുവാവാണ് നീതുവിനോട് അതിക്രമം കാട്ടിയത്. കൃത്യം നടത്താനായി ഇയാൾ നടത്തിയ മുന്നൊരുക്കങ്ങൾ ഏറെ ഞെട്ടിക്കും. രാവിലെ നേരത്തേ വന്ന് നീതുവിന്റെ വീടിനു കാവൽനിൽക്കുകയായിരുന്നു. നീതു പുറത്തിറങ്ങിയ ഉടൻ കത്തിയെടുത്ത് കുത്തുകയും പെട്രോളൊഴിച്ച് കത്തിക്കുകയുമായിരുന്നു. മുന്നുവർഷത്തെ ബന്ധത്തിൽ വിള്ളൽവീണതാണ് നീതു, അകന്നതാണ് കാരണമെന്നാണ് ഇയാൾ പൊലീസിൽ പറഞ്ഞത്. കൊടകരയിലെ എൻജിനീയറിങ് വിദ്യാർഥിനിയായിരുന്നു നീതു. ഇതിനു ദിവസങ്ങൾക്കുമുമ്പാണ് തിരുവല്ലയിൽ പ്രണയം നിഷേധിച്ച യുവതിയെ 20 കാരൻ പെട്രോളൊഴിച്ച് തീയിട്ടത്. യുവതി പിറ്റേന്ന് മരിച്ചു. പൊള്ളലേറ്റ പ്രതി അജിൻ ഇപ്പോൾ ജയിലിലാണ്. പ്രണയനിഷേധമാണോ കാലുമാറുന്ന പ്രണയിനികളാണോ ഇതിനെല്ലാം കാരണം എന്നതുപോലെ അറിയേണ്ടതുതന്നെയാണ് യുവാക്കളുടെ മനശാസ്ത്രവും. പ്രണയനൈരാശ്യത്തിൽ കാമുകന്മാർ കടപ്പുറത്ത് പാടിനടക്കുന്ന രീതി മാറി. പ്രണയത്തിനുവേണ്ടി ജീവത്യാഗം ചെയ്യുന്ന ചങ്ങമ്പുഴയുടെ രമണൻ ഇപ്പോൾ നമുക്കിടയിലില്ല. ജീവിതാവസാനം വരെ ഞാൻ അവളെയോർത്ത് കഴിയും എന്നതായിരുന്നു പഴയത്തെ റൊമാന്റിക് ഐഡിയോളജി. എന്നാലിന്ന് മാറി.

പ്രണയമെന്ന ലോലവികാരം എങ്ങനെ അക്രമത്തിലേക്ക് വഴിമാറുന്നു, പ്രത്യേകിച്ച് പുതുതലമുറയിൽ. പ്രണയം നഷ്ടമാകുമ്പോൾ വരുന്ന നിരാശ പ്രതികാരവും അക്രമവുമാകാൻ കൂടുതൽ സമയമെടുക്കുന്നില്ല. പണ്ടായിരുന്നെങ്കിൽ ഇതുമൂലം ഡിപ്രഷൻ ആയിരുന്നു വരിക. ഇപ്പോൾ എനിക്കുകിട്ടിയില്ലെങ്കിൽ ആർക്കും വേണ്ട എന്ന നിലപാടാണ്. അതിരുകടന്ന സ്വാർഥതയാണ്. അവളില്ലെങ്കിൽ ഞാനില്ല അല്ലെങ്കിൽ അവളും നശിച്ചുപോകട്ടെ എന്നിങ്ങനെ.. ഒരു പരിധിവരെ ഇത്തരക്കാർ വിഷാദരോഗലക്ഷണം ഉള്ളവരായിരിക്കും. തന്റെ എല്ലാ എനർജിയും ഈ ബന്ധത്തിലേക്ക് നൽകുന്ന ഇവർ പരാജയപ്പെടുമ്പോൾ പങ്കാളിയെ കൊന്ന് എന്റെ കാര്യം ഇനി കോടതി തീരുമാനിക്കട്ടെ എന്ന് അലസമായി, പ്രതികാരാർത്തനായി കരുതുന്നതാകാം.

കഠിനമായ വിഷാദാവസ്ഥയും ഇത്തരത്തിൽ കൊലപാതകത്തിലേക്കും സ്വയം നശിക്കാനുള്ള അവസ്ഥയിലേക്കും മാറുന്നുണ്ട് പ്രമുഖ മനശാസ്ത്രജ്ഞനായ

സിഗ്മണ്ട് ഫ്രോയ്ഡ് നിർവചിച്ചിരിക്കുന്ന ഇറോസ് (eros), താനറ്റോസ് (thanatos) മനോനിലയാണിത്. താനറ്റോസ് –നശിപ്പിക്കാനുള്ള ത്വരയാണ്. ഇറോസാകട്ടെ, ജീവിക്കാനുള്ള ത്വരയും. താനറ്റോസുകാർ ഒരു പരിധിവരെ സൈക്കോപതിക് പേഴ്സണാലിറ്റികളാണ്. എന്തും ചെയ്യാൻ ഇത്തരക്കാർക്ക് പേടിയില്ല. അതിലൂടെയവർ സംതൃപ്തി കണ്ടെത്തും.

## ശക്തിയാണ് കൂട്ടുകുടുംബം

പണ്ടൊക്കെ നാട്ടിൽ കൂട്ടുകുടുംബമായിരുന്നു. അപ്പോൾ പല വിഷയങ്ങളിലും സഹകരണം, പങ്കുവയ്ക്കൽ ഒക്കെ നടക്കും. ഇപ്പോഴില്ലാത്തത് സ്വാർഥരായി മക്കൾ വളരാൻ കാരണമാകുന്നു.

ഇഷ്ടപ്പെട്ട വസ്തു കിട്ടിയില്ലെങ്കിൽ കോപാകുലരും പ്രകോപിതരുമാകും. അത് നിയന്ത്രിക്കാൻ ആകാതെ വരും. പ്രണയം പലർക്കും കുറച്ചുകാലത്തെ അഡ്ജസ്റ്റ്മെന്റ് ആണ്. വിലയ്ക്കുവാങ്ങുന്ന ഒരു സാധനമായാണ് പലരും കരുതുന്നത്. അത് കിട്ടാൻ ഭീഷണിയും പ്രലോഭനവും ഒക്കെ നടത്തും. ഒരാളെ നിർബന്ധിച്ച് ഇഷ്ടപ്പെടുത്താനാകില്ല എന്നത് നമ്മളാദ്യം മനസ്സിലാക്കണം. എന്നാൽ പുതുതലമുറയ്ക്ക് എല്ലാം കടയിൽനിന്നോ ഓൺലൈനിൽനിന്നോ വാങ്ങാൻ കിട്ടുന്ന സംഗതികളായതിനാൽ സ്നേഹവും അവർക്ക് ഒരു കച്ചവടവസ്തുവാണ്. ആത്മാർഥപ്രണയം എന്ന ഒന്ന് ഇക്കാലത്ത് കുറവാണ്.

നിലവിൽ ഇത്തരം അപകടങ്ങളിൽപ്പെടുന്നത് മിക്കവരും കൗമാരക്കാരാണ്. പക്വതയെത്താത്ത തലച്ചോറാണിവർക്ക്. ഒരു സാഹചര്യം ആരോഗ്യകരമായി എങ്ങനെ പരിഹരിക്കാം എന്നതിൽ അവർക്ക് ധാരണയില്ല. വൈകാരികമായി മാത്രമേ ചിന്തിക്കൂ. തലച്ചോറിലെ പ്രീഫ്രോണ്ടൽ ലോബ് എന്ന ഏരിയയാണ് ഇത്തരം എടുത്തുചാട്ടങ്ങളിൽ കാരണമാകുന്നത്. നമ്മുടെ വ്യക്തിത്വം രൂപപ്പെടുത്തുന്ന ഭാഗമാണിത്. ചില കാര്യങ്ങൾ ചെയ്യരുത് അല്ലെങ്കിൽ ഇങ്ങനെ പാടുള്ളൂ എന്ന തരത്തിൽ നമുക്ക് മുന്നറിയിപ്പ് തരുന്ന ഭാഗമാണ് പ്രീഫ്രോണ്ടൽ ലോബ്, ഒരു സിനിമയുടെ സെൻസർ ബോർഡ് പോലെ. ചിലരിൽ ഈ പ്രീഫ്രോണ്ടൽ ലോബ് അബ്നോർമൽ ആയിരിക്കും. ഇവർ വളരെ സാഡിസ്റ്റിക് ആയിരിക്കും. മറുഭാഗത്തുള്ളയാൾ എത്രമാത്രം വേദനിക്കുന്നുവോ അത്രമാത്രം അവർക്ക് സന്തോഷം ലഭിക്കും. ഇഞ്ചിഞ്ചായി കൊല്ലുന്നത് അതിനാലാണ്. പോട്ടെ, വിട്ടുകളയാം എന്നിങ്ങനെ അവർക്ക് കാണാനാകില്ല.

## പിയർഗ്രൂപ്പ് ഇൻഫ്ലുവൻസ്

ഇത്തരക്കാർക്ക് അവരെ സ്വാധീനിക്കുന്ന ഒരു സംഘമുണ്ടായിരിക്കും. സുഹൃത്തുക്കളാണെന്നാണ് വയ്പ്പെങ്കിലും വെറുതേ എരി കേറ്റുകയാണ് ഇക്കൂട്ടർ ചെയ്യുക. ഇവർക്കുമുന്നിൽ തോൽക്കാൻ നമ്മുടെ യുവാക്കൾക്ക് സങ്കടമാണ്. താനെപ്പോഴും ഹീറോയാണ് എന്നതാണ് നിലപാട്. പൊതുവെ കമിതാക്കളുടെ ഇഷ്ടമെന്നത് ഏറെ വൈകാരിക തലങ്ങളുള്ളതാണ്. പ്രണയം തകരുമ്പോൾ അവരെ നയിക്കുന്നത് ഈ വൈകാരികതയായിരിക്കും. പ്രണയം പുരുഷന്റെ മനസ്സിലായിരിക്കും ആദ്യം മൊട്ടിടുക. തിരസ്കരിക്കപ്പെട്ടാൽ ആദ്യം തകരുന്നതും പുരുഷൻമാർതന്നെ. അതിൽ അമിതസ്നേഹവും അസഹിഷ്ണുതയും കൂടി കലരുമ്പോൾ ആകെ കുഴപ്പമാകും.

അതുപോലെ കൗമാരക്കാരിൽ അനുകരണ സ്വഭാവം കൂടുതലാണ്. സിനിമയിൽ കാണുന്ന പലവിധ സാഹസികത പരീക്ഷിക്കാൻ താൽപര്യമേറും.

പത്രമാധ്യമങ്ങൾ ഇത്തരം സംഭവങ്ങളെ മഹത്വവൽക്കരിക്കരുത്. വായിക്കുമ്പോൾ അറിയാതെയെങ്കിലും പ്രതിക്ക് വായനക്കാരുടെ മനസ്സിൽ ഹീറോരൂപം കൈവരും.

ഇഷ്ടമില്ലാത്ത വിഷയങ്ങളിൽ നോ പറയാൻ പഠിക്കണം. അത് പിയർഗ്രൂപ്പുകൾപോലുള്ള സംഘങ്ങളുടെ അമിത സ്വാധീനവലയത്തിൽനിന്ന് പുറത്തുകടക്കാൻ പരിധിവരെ സഹായിക്കും.

## ഇമോഷണൽ ഇമ്യൂണിറ്റി

സംഘർഷങ്ങളെ/പ്രതിസന്ധികളെ നേരിടാനുള്ള ഇമോഷണൽ ഇമ്യൂണിറ്റി നേടണം. ചെറുപ്രായത്തിൽ തന്നെ ചെറിയ സംഘർഷങ്ങളെ നേരിട്ട് മാനസിക പ്രതിരോധ ശക്തി വളർത്തിയെടുക്കാം. കുട്ടികളെ സമൂഹത്തിൽ നമുക്കൊപ്പം ഇടപഴകി ഈ പ്രതിരോധം വളർത്താം. ഒപ്പം മനസ്സിന് ധൈര്യം കിട്ടാനും നിയന്ത്രണം കിട്ടാനും യോഗ, മെഡിറ്റേഷൻ എന്നിവ ശീലിക്കാം. ആകാശത്തോളം ആഗ്രഹിച്ചാൽ കുന്നോളം കിട്ടും. ഇത് യാഥാർഥ്യമാണ്. അതംഗീകരിച്ച് ജീവിക്കാൻ പഠിക്കുക.

## ഡ്രഗ്സുണ്ടോ

ഹീനകൃത്യത്തിനുള്ള പ്രചോദനം പല വാർത്തകളിലും ലഹരിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരത്തെ ഒരു യുവാവിനെ എതിർചേരിയിലെ ഒരുസംഘം ദിവസംമുഴുവൻ കെട്ടിയിട്ട് മർദിച്ച് കൊന്നത് ഇതിന്റെ തെളിവാണ്. ലഹരിക്കടിമയായ ഒരുസംഘം സൈക്കോപതിക് യുവാക്കളായിരുന്നു അത്. അത്തരം ഒരു സംഭവം തന്നെയാണ് തൊടുപുഴയിൽനിന്ന് റിപ്പോർട്ട് ചെയ്തതും. അമ്മയുടെ സുഹൃത്തായ അരുൺ ആനന്ദ് സൈക്കോപതിക് പേഴ്സണാലിറ്റിയാണ്. ഒപ്പം ലഹരിക്കടിമയും. എല്ലാവിധ ക്രൂരതകളും ഇയാൾക്കുണ്ട്. പക്ഷേ, കുറ്റബോധമില്ല, സങ്കടമില്ല.

## എന്തുകൊണ്ട് കുട്ടികൾ..

കുട്ടികളും യുവതികളും ശാരീരികമായി ശക്തികുറഞ്ഞവരാണ്. അതിനാൽതന്നെ ഇവരെ അടിച്ചമർത്തുക എളുപ്പമാണ്, കായികമായും മാനസികമായും. പുറത്തു പറഞ്ഞാൽ കൊന്നുകളയുമെന്നും മറ്റും കുട്ടികളെ ഭീഷണിപ്പെടുത്തി നിരന്തരം പീഡനത്തിനിരയാക്കാനും എളുപ്പമാണ്. ഇന്റർനെറ്റിലും മറ്റും പലവിധ വീഡിയോകൾ കണ്ട് അടിമകളായി അനുകൂല സാഹചര്യങ്ങളിൽ അത് പരീക്ഷിക്കുകയാണ് ചിലർ. അതിനൊപ്പം ലഹരികൂടി വന്നാൽ സ്വബോധത്തോടുകൂടി ചെയ്യാൻ മടിക്കുന്ന എന്തും ചെയ്യാനുള്ള നില കൈവരിക്കും.

## മുൻകരുതൽതന്നെ അവശ്യം

എന്തു പ്രശ്നങ്ങൾക്കും മുൻകരുതൽ പ്രധാന കാര്യംതന്നെ. രക്ഷിതാക്കളുടെ ശ്രദ്ധ മക്കളിൽ നല്ലപോലെ വേണം. മക്കളുടെ പെരുമാറ്റത്തിൽ എന്തെങ്കിലും അസ്വാഭാവികത തോന്നിയാൽ കൂടുതൽ നിരീക്ഷിക്കുക. ഏറെ നേരം മിണ്ടാതിരിക്കലോ പുറത്തിറങ്ങാതിരിക്കലോ ഒക്കെ ആയി



“ ഇത്തരം അതിക്രമങ്ങളിൽ പ്രായപൂർത്തിയാകാത്തവരെന്ന പരിഗണനയും ആ നിലയ്ക്കുള്ള ശിക്ഷായിളവും പാടില്ല. മാനസിക മായ പക്വത അല്ലെങ്കിൽ ശാരീരികമായ പക്വത വന്നിട്ടുണ്ടോ എന്നത് നോക്കണം. എന്നിട്ട് മുതിർന്ന പൗരന് ഇക്കാര്യത്തിൽ നൽകുന്ന പരമാവധി ശിക്ഷതന്നെ കൊടുക്കാനാണ് നീതിപീഠം ശ്രമിക്കേണ്ടത്. ആ ശിക്ഷ മാതൃകാപരവുമായിരിക്കണം. അല്ലാത്തപക്ഷം ഇത്തരം സൈക്കോപതിക് ആളുകളെ ജയിലിലടയ്ക്കുന്നതിലൂടെ അവർ കൂടുതൽ ക്രൂരൻമാരാകാൻ എളുപ്പമാണ്. കുറ്റകൃത്യങ്ങൾക്ക് ഏറ്റവുമെളുപ്പം ശിക്ഷ നൽകുംവിധം നിയമത്തിൽ ഫാസ്റ്റ്ട്രാക്ക് സംവിധാനംവരണം. വധശിക്ഷ പോലുള്ള ശിക്ഷ കൊടുക്കുന്നതിലൂടെ ഒരു ഭയം ഇത്തരക്കാർക്കുള്ളിൽ ഉണ്ടാക്കാനാകണം. അറബി രാജ്യങ്ങളിലെപ്പോലെ എല്ലാവർക്കും മുന്നിൽ നിർത്തിക്കൊണ്ടുള്ള കണ്ണിനു കണ്ണ്, പലിനുപല്ല് ശിക്ഷയായിരിക്കണം. താനിങ്ങനെ ചെയ്താൽ തനിക്കിങ്ങനെ ശിക്ഷ ലഭിക്കുമെന്ന ഭയം ഉണരണം. അല്ലാതെ ജയിലിൽകിടന്ന് തടിച്ചുകൊഴുത്ത് ജീവിക്കുന്ന ഗോവിന്ദച്ചാമിമാരെ കാണുമ്പോൾ ആ ഭയം അവർക്ക് അന്യമാകും. അതു പാടില്ല.

കണ്ടാൽ കൂടുതൽ ശ്രദ്ധിക്കുകയും ആവശ്യമെങ്കിൽ സൈക്കോളജിസ്റ്റിന്റെ സേവനം തേടുകയുമാകാം. ലഹരി ഒഴിവാക്കുക. മനസ്സു തുറക്കാവുന്ന സുഹൃത്തുക്കളെ കണ്ടെത്തുക.

### ശിക്ഷ കഠിനമാക്കണം

ഇത്തരംകേസുകളിൽ നിലവിൽ അനുഭവിച്ചിരിക്കുന്ന, ശിക്ഷയനുഭവിക്കുന്ന കുറ്റവാളികളിൽ ഒരു പൊതു പഠനം ആവശ്യമാണ്. അവരുടെ സൈക്കോളജി കണ്ടെത്തേണ്ടതുണ്ട്. ഇത്തരം അതിക്രമങ്ങളിൽ പ്രായപൂർത്തിയാകാത്തവരെന്ന പരിഗണനയും ആ നിലയ്ക്കുള്ള ശിക്ഷായിളവും പാടില്ല. മാനസികമായ പക്വത അല്ലെങ്കിൽ ശാരീരികമായ പക്വത വന്നിട്ടുണ്ടോ എന്നത് നോക്കണം. എന്നിട്ട് മുതിർന്ന പൗരന് ഇക്കാര്യത്തിൽ നൽകുന്ന പരമാവധി ശിക്ഷതന്നെ കൊടുക്കാനാണ് നീതിപീഠം ശ്രമിക്കേണ്ടത്. ആ ശിക്ഷ മാതൃകാപരവുമായിരിക്കണം. അല്ലാത്തപക്ഷം ഇത്തരം സൈക്കോപതിക് ആളുകളെ ജയിലിലടയ്ക്കുന്നതിലൂടെ അവർ കൂടുതൽ ക്രൂരൻമാരാകാൻ എളുപ്പമാണ്. കുറ്റകൃത്യങ്ങൾക്ക് ഏറ്റവുമെളുപ്പം ശിക്ഷ നൽകുംവിധം നിയമത്തിൽ ഫാസ്റ്റ്ട്രാക്ക് സംവിധാനംവരണം. വധശിക്ഷ പോലുള്ള ശിക്ഷ കൊടുക്കുന്നതിലൂടെ ഒരു ഭയം ഇത്തരക്കാർക്കുള്ളിൽ ഉണ്ടാക്കാനാകണം.

അറബി രാജ്യങ്ങളിലെപ്പോലെ എല്ലാവർക്കും മുന്നിൽ നിർത്തിക്കൊണ്ടുള്ള കണ്ണിനു കണ്ണ്, പലിനുപല്ല് ശിക്ഷയായിരിക്കണം. താനിങ്ങനെ ചെയ്താൽ തനിക്കിങ്ങനെ ശിക്ഷ ലഭിക്കുമെന്ന ഭയം ഉണരണം. അല്ലാതെ ജയിലിൽകിടന്ന് തടിച്ചുകൊഴുത്ത് ജീവിക്കുന്ന ഗോവിന്ദച്ചാമിമാരെ കാണുമ്പോൾ ആ ഭയം അവർക്ക് അന്യമാകും. അതു പാടില്ല. ●

---

പേജ് 24 തുടർച്ച

നായർ, ഇടശേരി, മാധവിക്കുട്ടി, ഒ.വി വിജയൻ, എം.ടി, എം. മുകുന്ദൻ, ഡോ.എം ലീലാവതിയുടെ വാൽമീകി രാമായണം മൂന്ന് വാല്യം, കേരളീയ സംസ്കൃത സാഹിത്യ ചരിത്രം, ആത്മകഥകൾ തുടങ്ങി വ്യത്യസ്ത മേഖലയിലെ മികച്ച പുസ്തകങ്ങൾ ഈ ഗ്രന്ഥപ്പുരയെ ഏറെ സവിശേഷമാക്കുന്നു. കൂടാതെ വിവിധ ആഴ്ചപതിപ്പുകളും ശാസ്ത്രസാഹിത്യ പരിഷത്തിന്റെ മുഴുവൻ പുസ്തകങ്ങളും മാസികകളും ഗ്രന്ഥപ്പുരയിലുണ്ട്. കഴിഞ്ഞ ഏപ്രിലിൽ എഴുത്തുകാരനായ അഷ്ടമൂർത്തി അഞ്ഞൂറോളം പേരെ സാക്ഷിയാക്കി ഉദ്ഘാടനം ചെയ്ത ഗ്രന്ഥപ്പുര ഇന്ന് നാട്ടുകാരെ മാത്രമല്ല, ഭാഷാ സ്നേഹികളായ മുഴുവൻ പുസ്തക പ്രേമികളെയും ആകർഷിച്ചുവരികയാണ്.

വൈകീട്ട് അഞ്ചുമുതൽ ഏഴുവരെയാണ് ഗ്രന്ഥപ്പുരയുടെ പ്രവർത്തനം. ഈ സമയത്ത് ആർക്കു വേണമെങ്കിലും ഇവിടെ വന്ന് പുസ്തകങ്ങൾ വായിക്കാം. റഫറൻസ് എടുക്കാം. അവധിക്കാലമായതിനാൽ കുട്ടികളടക്കം നിരവധിയാളുകളാണ് ദിവസവും ഗ്രന്ഥപ്പുരയിൽ അക്ഷരസുഗന്ധം നുകരാനെത്തുന്നത്. ഓരോദിവസവും അടുത്തുള്ള ഓരോ ആളുകൾക്കാണ് ഗ്രന്ഥപ്പുരയുടെ ചുമതല. ഭാവിയിൽ എഴുത്തുകാരെ കൊണ്ടുവന്ന് അവരുടെ പുസ്തകങ്ങളെ കുറിച്ചുള്ള ഗൗരവമാർന്ന ചർച്ചകളും സംഗീതവേദികളുമെല്ലാം രവിപ്രകാശ് സ്വപ്നം കാണുന്നുണ്ട്. കുറച്ചുപണമുണ്ടായാൽ സ്വാർത്ഥതയാൽ നിറഞ്ഞാടുന്ന കാലത്താണ് രവിപ്രകാശ് സ്വന്തം കയ്യിലെ പണം ഉപയോഗിച്ചുണ്ടാക്കിയ ഗ്രന്ഥപ്പുരയിലൂടെ നാട്ടുകാർക്ക് അക്ഷരങ്ങളുടെ വിരുന്നൂട്ടുന്നത്. പുസ്തകം വായിക്കാതെ മനുഷ്യൻ സ്വതന്ത്രനാകില്ലെന്ന ഉറച്ച അഭിപ്രായമുള്ളയാളാണ് രവിപ്രകാശ്. നിർബന്ധമായും എല്ലാവരും വായിച്ചേ മതിയാകൂ. വായിച്ചാലാണ് ഉറച്ച അഭിപ്രായവും മാനവികതയും ഉണ്ടാകൂ. രാഷ്ട്രീയ പ്രവർത്തകരെല്ലാം നന്നായി വായിച്ചാൽ മാത്രമേ സമൂഹത്തിൽ മാറ്റമുണ്ടാക്കാൻ കഴിയുകയുള്ളൂവെന്നും രവി പ്രകാശ് പറയുമ്പോൾ കെട്ടകാലത്തും വേറിട്ട വഴിയിലൂടെ പ്രകാശം പരത്തുന്ന മനസിന്റെ നന്മകൾ തന്നെയാണ് അക്ഷരങ്ങളോടൊപ്പം നമ്മുടെ ഉള്ളിൽ വന്ന് തൊടുന്നത്. ●